# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 23, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

ആധാർ കാർഡ്

*T.181 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ചെന്താമരാക്ഷൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ കാർഡ് നിർബന്ധമാക്കാനുള്ള തിരുമാനം പിൻവലിക്കുമോ ; ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര സമീപനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) യാതൊരു നിയമപിൻബലവും ഇല്ലാത്ത ആധാർ നിർബന്ധമാക്കുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ; ആധാർ നിർബന്ധമാക്കരുതെന്ന് സുപ്രീംകോടതി ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാമോ ;

(സി) ക്ഷേമനിധി, സ്കോളർഷിപ്പ്, വിദ്യാഭ്യാസ ഗ്രാന്റ്, റേഷൻ സബ്സിഡി തുടങ്ങിയവയെല്ലാം ആധാർ അക്കൗണ്ടിലൂടെ ആക്കാൻ ആലോചിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളുടെ തുടർ നടപടികൾ</u>

*182 ശ്രീ. പുരുഷൻ കടലുണ്ടി
,, ബാബു എം. പാലിശ്ശേരി
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിക്കപ്പെട്ടതെന്നും വ്യക്തമാക്കുമോ ;

(സി) എമർജിംഗ് കേരളയിൽ വന്ന സംരംഭകർ സമർപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമായിരുന്നെന്നും ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിരുന്നതെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സൗരോർജ്ജ നയം നടപ്പാക്കൽ</u>

*183 ശ്രീ. സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ നയത്തിന് അംഗീകാരം നല്കിയ സാഹചര്യത്തിൽ പ്രസ്തുത നയം നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ മേഖലയിൽ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഊർജ്ജോല്പാദനക്ഷമതയുടെ കാര്യത്തിൽ ജർമ്മൻ സാങ്കേതികത മികച്ചതും, ആധുനികവുമാണെന്ന വാദത്തെക്കുറിച്ച് പരിശോധിക്കാനും, അത് സ്വായത്തമാക്കി ഉത്പാദനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ദേശീയ ഏജൻസിവഴി അതിനുള്ള ശ്രമം നടത്തുമോ ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

സഹകരണ മേഖലയിലെ പൊതുവിതരണ സംരംഭങ്ങളിൽ ആവശ്യസാധനങ്ങളുടെ ദൗർലഭ്യം

*184 ശ്രീ. എ. പ്രദീപ് കുമാർ
,, ജി. സുധാകരൻ
,, സാജു പോൾ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ക്രിസ്തുമസ് സീസണിൽ ക്രിസ്തുമസ് ചന്തകൾ നടത്തി ന്യായവിലക്ക് സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൺസ്യൂമർഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ പൊതുവിപണിയിൽ വിലപിടിച്ചു നിർത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ മേഖലയിൽ ഉപഭോക്താവിന് ആവശ്യമായ സാധനങ്ങൾ നൽകാൻ തക്കവിധത്തിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം

*185 ശ്രീ. വർക്കല കഹാർ
'' പി. എ. മാധവൻ
'' വി. ഡി. സതീശൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ നികുതിവരുമാനം വർദ്ധിപ്പിക്കുവാനും ചെക്ക് പോസ്റ്റുകളിലെ ഗതാഗതകുരുക്ക് നിയന്ത്രിക്കുവാനും എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) തലസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വോൾട്ടേജ് ക്ഷാമം</u>

*186 ഡോ. കെ.ടി. ജലീൽ
ശ്രീമതി കെ.കെ. ലതിക
ശ്രീ. ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരകേരളത്തിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) വൈദ്യുതി ബോർഡിൽ പ്രസരണ മാസ്റ്റർപ്ലാൻ നിലവിലുണ്ടോ; പ്രസരണപ്രവർത്തനങ്ങൾ ഈ മാസ്റ്റർപ്ലാൻ അനുസരിച്ചാണോ ഏറ്റെടുക്കുന്നത്;

(ഡി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിതരണമേഖലയിൽ ഈ സാമ്പത്തിക വർഷം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയോ 11 കെ. വി. ലൈനുകൾ വലിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

*187 ശ്രീ. ആർ. രാജേഷ്
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആദിവാസി മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ കുടിശ്ശികയായതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ലാത്ത ആനുകൂല്യങ്ങൾ നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസിമേഖലകളിലെ വിദ്യാർത്ഥികളുടെ മെസ് അലവൻസുകളും മറ്റും കാലോചിതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി</u>

*188 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന അസംസ്കൃത വസ്തുക്കൾ ഏതെല്ലാം; ഈ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു കഴി നൂലിനും കസവിനും പത്തുവർഷം മുമ്പ് ഉണ്ടായിരുന്ന വിലയും ഇപ്പോഴുള്ള വിലയും താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>യുവസംരംഭകരക്കായി പ്രഖ്യാപിച്ച വ്യവസായ പദ്ധതി</u>

*189 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകർക്കായി പ്രഖ്യാപിച്ച വ്യവസായ പദ്ധതി നടപ്പിലാകാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അഞ്ഞൂറ് കോടി രൂപ വീതം ഓരോ വർഷവും ഇതിനായി നീക്കിവയ്ക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇക്കാര്യത്തിൽ യാഥാർത്ഥ്യമായിട്ടുണ്ടോ;

(സി) സ്റ്റാർട്ട്-അപ് വില്ലേജുകൾ എന്ന പ്രഖ്യാപനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>മത്സര പരീക്ഷകൾക്ക് സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ</u>

*190 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എതെല്ലാം തരം പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>എഫ്.എ.സി.റ്റി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

*191 ശ്രീ. എസ്. ശർമ്മ
'' എളമരം കരീം
'' സാജു പോൾ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഫ്.എ.സി.റ്റി. നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ നയം മൂലം രാസവളത്തിനുള്ള സബ്സിഡി വെട്ടിക്കുറച്ചത് ഫാക്ടിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ;

(സി) ഫാക്ടിന്റെ പ്രതിസന്ധി പരിഗണിക്കുന്നതിന് 2008ൽ കേന്ദ്ര സർക്കാർ നിയോഗിച്ച കൺസൾട്ടന്റിന്റെ നിഗമനങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തെല്ലാം ആനുകൂല്യങ്ങൾ ഫാക്ടിന് നൽകുകയുണ്ടായി;

(ഇ) നാഫ്തക്ക് പകരം പ്രകൃതിവാതകമുപയോഗിക്കുമ്പോൾ ഉല്പാദനനഷ്ടം ഇല്ലാതാകുമെന്ന സ്ഥിതി ഇപ്പോൾ ഉണ്ടോ;

(എഫ്) ഫാക്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ 6779 കോടി രൂപ നൽകുമെന്ന കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണമേഖലയുടെ പ്രവർത്തനം

*192 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണമേഖല എപ്രകാരമാണ് ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസനപദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സ്ഥാപനങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പാറക്വാറികൾ പാലിക്കേണ്ട സുരക്ഷാ മുൻകരുതൽ</u>

*193 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എം. ഉമ്മർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാറക്വാറികൾ വെള്ളം നിറഞ്ഞ് അപകടക്കെണിയായി മാറുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേണ്ടത്ര സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ നടത്തുന്ന പാറപൊട്ടിക്കൽ, സമീപത്തെ വീടുകൾക്കും വസ്തുവകകൾക്കും നാശം വരുത്തുന്നകാര്യം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(സി) ക്വാറികൾ മനുഷ്യജീവനും മറ്റ് ജീവജാലങ്ങൾക്കും വസ്തുവകകൾക്കും വരുത്തുന്ന നാശം തടയാൻ എന്തൊക്കെ മുൻകരുതൽ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; അവ കർശനമായി നടപ്പാക്കാനും മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഉപഭോക്താക്കൾക്ക് വൈദ്യുതി പുറത്തുനിന്ന്
നേരിട്ടുവാങ്ങുന്നതിനുള്ള അനുമതി</u>

*194 ശ്രീ. കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് വൈദ്യുതി പുറത്തുനിന്ന് നേരിട്ടു വാങ്ങുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഇതിനായി വൈദ്യുതി ബോർഡിന്റെ ലൈനും മറ്റു വിതരണ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുന്നതുമൂലം, ബോർഡിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) വിവിധ ഉപഭോക്താക്കൾ വ്യത്യസ്ത നിരക്കിൽ വൈദ്യുതി വാങ്ങിക്കൊണ്ടു വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>എല്ലാ നിയോജകമണ്ഡലങ്ങളിലും ഐ. ടി. പാര്‍ക്ക്</u>

*195 ശ്രീ. സി. എഫ്. തോമസ്
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഐ. ടി. പാര്‍ക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഈ സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഐ. ടി. മേഖലയിലുള്ള സംസ്ഥാനത്തിന്റെ വിപുലമായ സാദ്ധ്യത പരിഗണിച്ച് ഐ. ടി. മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നല്‍കി ഐ.ടി പാര്‍ക്കുകള്‍ സ്ഥാപിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്ന സംവിധാനം</u>

*196 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി</u>

*197 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം പ്രതീക്ഷിച്ച നികുതിവരുമാനം എത്രയായിരുന്നു; നികുതിയിനത്തിൽ നടപ്പു വർഷം ഇതുവരെ എന്തു തുക ലഭിച്ചു; വ്യക്തമാക്കുമോ; നികുതി പിരിക്കാനുള്ള റിക്കവറി നടപടി സ്റ്റേ ചെയ്യുകയുണ്ടായോ;

(സി) നികുതി വരുമാനത്തിൽ കുറവുവന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) സാമ്പത്തിക പ്രയാസം കാരണം കർഷകർക്ക് ആശ്വാസം നല്കുന്നതിനും ക്ഷേമപെൻഷനുകൾ നൽകുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും പണം അനുവദിക്കുന്നതിന് പ്രതിസന്ധി നേരിടുന്നുണ്ടോ;

(ഇ) റബ്ബർ ഉൾപ്പെടെ വിലയിടിവ് നേരിടുന്ന ഉല്പന്നങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് ആശ്വാസം പകരാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന വാറ്റ് നികുതി എടുത്തുകളയുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>ആദിവാസി വിദ്യാർത്ഥികളുടെ പഠനം</u>

*198 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പാതിവഴിയിൽ പഠനം ഉപേക്ഷിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരവും ജീവിത സാഹചര്യങ്ങളും വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ലോട്ടറി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

*199 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ലോട്ടറി ഏജന്റുമാർക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ബാങ്കുകളാണ് ഈ സംരംഭവുമായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പൊതുകടമായി എടുക്കുന്ന തുകയുടെ വിനിയോഗം</u>

*200 ശ്രീ. സി. കൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
,, എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പൊതുകടമായി എടുക്കുന്ന തുക വിനിയോഗിക്കുന്നതിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ ;

(ബി) വികസനപരമായ ആവശ്യത്തിലേയ്ക്കല്ലാതെ കടമായി വാങ്ങുന്ന തുക ഉപയോഗിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ഉല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് ഇത്തരത്തിൽ കടം വാങ്ങുന്ന തുക ഉപയോഗിക്കുക വഴി സംസ്ഥാന വികസനം സംരക്ഷിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു.

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സഹകരണ കോൺഗ്രസ്സ്</u>

*201 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസ്സും എക്സ്പോയും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇവയിലൂടെ കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഇവയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് കോൺഗ്രസ്സിനും എക്സ്പോയ്ക്കും ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടം

*202

ശ്രീ. എം. എ. ബേബി
,, എം. ഹംസ
,, കെ. സുരേഷ് കുറുപ്പ്
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ദേശീയ വൈദ്യുതി കമ്പോളത്തിൽ നിന്ന് ഏറ്റവും ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയത് കേരളമാണെന്ന കേന്ദ്ര റഗുലേറ്ററി കമ്മീഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങൾ കുറഞ്ഞ വിലയ്ക്ക് വൈദ്യുതി വാങ്ങുമ്പോഴും കേരളം ഉയർന്ന വില കൊടുക്കേണ്ടി വന്നതിന്റെ സാഹചര്യമെന്താണ്; വ്യക്തമാക്കുമോ;

(സി) ദേശീയ ശരാശരിയേക്കാൾ ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം</u>

*203 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി</u>

*204 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഊർജ്ജ പദ്ധതികളുടെ നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മലിനീകരണ പരിശോധനകൾ</u>

*205 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മലിനീകരണ പരിശോധനകളും അതിന്റെ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>രോഗികൾക്ക് ജീവൻ സുരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിന് സൗജന്യ വൈദ്യുതി</u>

*206

ശ്രീ. എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശയ്യാവലംബികളായ രോഗികൾക്ക് വീടുകളിൽ ജീവൻ സുരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നതിനാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിശ്ചിത യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വൈദ്യുതി ചാർജ് എങ്ങനെയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ബാങ്കിന്റെ അധിക വിഭവസമാഹരണം</u>

*207

ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവസമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ധാര പദ്ധതി

*208 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ധാര പദ്ധതി എന്നു മുതൽ നടപ്പിലാക്കി തുടങ്ങിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്;

(സി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വൻകിട വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

*209 ശ്രീ. വി. ശശി
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻകിട വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രോത്സാഹനമായി നിരക്ക് ഇളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ എന്തെങ്കിലും ആലോചനയിലുണ്ടോ;

(ബി) ലോഡ് ഫാക്ടർ ഇൻസന്റീവായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കിയാൽ എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ</u>

*210 ശ്രീ. എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകരമാകുംവിധം കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 14.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യങ്ങൾ.